സംരക്ഷിക്കുന്നതിന് കുട്ടനാട് പാക്കേജിൽ ഓണാട്ടുകര പദ്ധതി പ്രകാരം കരിപ്പുഴ വാട്ടർ ഷെഡിൽ ഉൾപ്പെടുത്തി വെള്ളപ്പൊക്ക നിയന്ത്രണത്തിനായിട്ടുള്ള എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ് കടന്ന തോടിന് കുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മാണം

159 (6864) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ്, പത്ത് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ്കടന്ന തോടിനുകുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ്, പത്ത് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ് കടന്ന തോടിന് കുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 2013-14 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം സാങ്കേതികാനുമതി നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയ സി.പി.ഡബ്ല്യു.ഡി. റേറ്റിൽ തയ്യാറാക്കിവരുന്നു. മേൽ പ്രവൃത്തിക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാങ്കേതികാനുമതി നൽകാവുന്നതാണ്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി

160 (6865) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് ജലസേചന വകുപ്പിൽ നിലവിലുള്ള പരാതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്ക് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ഫണ്ടിന്റെ അപര്യാപ്തതമൂലം 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി.കെ സമ്പ്രദായം കയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിന് നടപടി

161 (6866) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി.വക സമ്പ്രദായം കയ്യേറിയതുമായി ബന്ധപ്പെട്ട പരാതി പി.ഐ.പി. അധികൃതർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പി.ഐ.പി.വക പുറമ്പോക്ക് സമ്പ്രദായം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-12-2013-ൽ സമ്പ്രദായ പരിശോധന നടത്തിയതിൽ അതിരുകല്ല് ഇല്ലാത്തതിനാൽ അതിര് പുനർനിർണ്ണയിക്കാൻ വേണ്ടി 13-12-2013-ൽ കാർത്തികപ്പള്ളി തഹസിൽദാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഐ.പി. സെക്ഷൻ മാവേലിക്കര കത്ത് നൽകി. ഇതുവരെ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) അതിരു നിർണ്ണയിച്ച് കിട്ടിയാൽ മാത്രമേ സമ്പ്രദായം കയ്യേറിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

പൈപ്പ്ലൈനുകളിൽ നിന്നുള്ള ജലമോഷണം

162 (6867) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പൈപ്പ്ലൈനുകളിൽനിന്ന് ജലമോഷണം നടക്കുന്നതായുള്ള എത്ര പരാതികളാണ് 2013, 2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ജലമോഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) ജലമോഷണം നടത്തിയതിന് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly